# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ ന്യായാലയം ആരംഭിക്കുന്നത് - പീരുമേട് ഗ്രാമപഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടത്തിന്റെ ഉടമസ്ഥതാവകാശം പഞ്ചായത്ത് വകുപ്പിൽ നില നിർത്തി കൊണ്ട് കെട്ടിടത്തിന്റെ കൈവശാവകാശം (പൊസഷൻ) ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ(സാധാ)നം.1577/2016/തസ്വഭവ തിരുവനന്തപുരം, തീയതി : 30.04.2016.**

---

പരാമർശം: 1) സ.ഉ (കൈ) 86/2011/ആഭ്യന്തരം തീയതി 01.03.2011.

2) 20.11.2014- ൽ ആഭ്യന്തരവും വിജിലൻസും വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉന്നത തല യോഗ തീരുമാനം.

3) പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 19.09.2015- ലെ 6-ാം നമ്പർ തീരുമാനം.

4) പഞ്ചായത്ത് ഡയറക്ടറുടെ 08.01.2016- ലെ സി2- 41469/2015 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പരാമർശം (2) – ലെ ഉന്നത തല യോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, അഴുത ബ്ലോക്കിന്റെ കീഴിൽ ഗ്രാമ ന്യായാലയം ആരംഭിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, പീരുമേട് ഗ്രാമപഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം വിട്ടു നൽകുന്നതിന് പരാമർശം (3) പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം പരാമർശം (4) പ്രകാരം സർക്കാർ അനുമതിയ്ക്കായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഴുത ബ്ലോക്കിന്റെ കീഴിൽ ഗ്രാമ ന്യായാലയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി പീരുമേട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ ഓഫീസ് കെട്ടിടം, ആയതിന്റെ ഉടമസ്ഥതാവകാശം ഗ്രാമ പഞ്ചായത്തിൽ തന്നെ നില നിർത്തി കൊണ്ട്,

കെട്ടിടത്തിന്റെ കൈവശാവകാശം (പൊസഷൻ) മാത്രം ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.ഐ.ഷെയ്ക്ക് പരീത്
സ്പെഷ്യൽ സെക്രട്ടറി

To,

രജിസ്ട്രാർ, സബ് ഓർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, കൊച്ചി -682031 (ഉപരിപത്രം സഹിതം).
പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, പീരുമേട് ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
സെക്രട്ടറി, അഴുത ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
നിയമ/ധനകാര്യ/ആഭ്യന്തര (സി) വകുപ്പുകൾക്ക്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ